(സി) ആഫീസിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുംവിധം ശ്രീ. അറുമുഖം പ്രവർത്തിക്കുന്നതായി മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ, ഇറിഗേഷനും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അറുമുഖത്തിനെ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ വിളിച്ചു വരുത്തി ആഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് എല്ലാ വിഭാഗം ജീവനക്കാരുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പി.എസ്.സി.യെ മറികടന്ന് നേരിട്ട് നിയമനം

33 (1501)പ്രൊഫ. എ. വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഫെബ്രുവരി 20-ാം തീയതി വരെ എത്ര ജീവനക്കാർ പെൻഷനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പി.എസ്.സി. മുഖേന എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(സി) പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ള തസ്തികകളിൽ പി.എസ്.സി. വഴിയല്ലാതെ ''ഡെയ്‌ലി വേജസിൽ'' നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ പി.എസ്.സി. യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മറികടന്നുകൊണ്ട് നേരിട്ട് നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരിന്റെ വൻതുക ഷെയറായും, ഗ്രാന്റായും, ലോണായും വാങ്ങിച്ചിട്ടുള്ള സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലും കോർപ്പറേഷനുകളിലും നേരിട്ട് നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

34 (1502) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പി.എസ്.സി.യുടെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകളിൽ അടിയന്തിരമായി തീർപ്പുകല്പിക്കാൻ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly